105/DGE/HSE/NSS/2024

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററിവിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ,
(Opp, New Building)
തിരുവനന്തപുരം
04712323023
dhsensskerala@gmail.com
തീയതി:26/11/2024

വിഷയം: ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം - സപ്തദിന ക്യാമ്പ് - സംബന്ധിച്ച്.

**<u>2024-25 ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം സപ്തദിന ക്യാമ്പ് - പദ്ധതികൾ</u>**

**"സുസ്ഥിര വികസനത്തിനായി എൻ.എസ്.എസ്. യുവത"** എന്ന ആശയത്തിലധിഷ്ഠിതമായാണ് ഇത്തവണത്തെ എൻ.എസ്.എസ്. സപ്തദിന ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്. എൻ.എസ്.എസ്. മാനുവലിന് അനുസൃതമായി യൂണിറ്റ്തല ഉപദേശക സമിതി നിർബന്ധമായും യോഗം ചേരുകയും യോഗം തീരുമാനിക്കുന്ന തീയതിയിൽ തുടങ്ങി തുടർച്ചയായ 7 ദിവസങ്ങളിലായി ക്രിസ്തുമസ് അവധിക്കാലത്താണ് ക്യാമ്പ് സംഘടിപ്പിക്കേണ്ടത്. ഓരോ യൂണിറ്റുകളും അവരവരുടെ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി സ്വന്തമായി ക്യാമ്പുകൾക്ക് പേരുകൾ നൽകാം..

ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം സപ്തദിന ക്യാമ്പുകളിൽ ഈ വർഷം നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**<u>കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ</u>**

- സുകൃത കേരളം
- കൂട്ടുകൂടി നാട് കാക്കാം
- സ്നേഹ സന്ദർശനം
- ഹരിത സമൃദ്ധി
- 'മൂല്യ നിർമ്മാണം സൃഷ്ടിപരതയിലൂടെ' (UPCYCLING)
- തദ്ദേശീയം (തനതു പരിപാടി )
- സത്യമേവ ജയതേ
- പുസ്തക പയറ്റ്

**<u>ഓറിയന്റേഷൻ (ബോധവൽക്കരണ) പ്രവർത്തനങ്ങൾ</u>**

- ലീഡർഷിപ് ആൻഡ് ഗ്രൂപ്പ് ഡയനാമിക്സ്
- സത്യമേവ ജയതേ
- ഡിജിറ്റൽ ലിറ്ററസി
- സുസ്ഥിര ജീവിത ശൈലി
- തദ്ദേശീയം (തനതു പരിപാടി )

കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ ഉച്ചയ്ക്ക് മുൻപും ഓറിയന്റേഷൻ പ്രവർത്തനങ്ങൾ ഉച്ചയ്ക്ക് ശേഷവുമാണ് സംഘടിപ്പിക്കേണ്ടത്. കമ്മ്യൂണിറ്റി പ്രവർത്തനങ്ങളിൽ കുറഞ്ഞത് 5 പ്രവർത്തനങ്ങൾ യുണിറ്റ് തല ഉപദേശക സമിതിയിൽ ചർച്ച ചെയ്ത് തീരുമാനമെടുത്ത് ക്യാമ്പിൽ നടപ്പിലാക്കാം.

# <u>ക്യാമ്പ് പദ്ധതികൾ</u>

## കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ

**1) സുകൃത കേരളം**

ക്യാമ്പിംഗ് സ്കൂൾ പരിസരത്തുള്ള ഒരു ഗവ. സ്ഥാപനത്തിന്റെ വളപ്പ് ശുചിയാക്കുകയും മോടി പിടിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം

<u>നിർവ്വഹണം</u>

1. ഓഫീസ് മേധാവിയുടെ അനുമതി മുൻകൂർ നേടിയിരിക്കണം.
2. പദ്ധതിയുടെ ഉദ്ഘാടനം ജനപ്രതിനിധികളെ പങ്കെടുപ്പിച്ചു നടത്തണം.
3. ശുചീകരണത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിരിക്കണം.
    - ടൂൾസ്
    - ഗ്ലൗസ്
    - ബ്ലീച്ചിങ് പൗഡർ
    - അലങ്കാര ചെടികളുടെയും ഫലവൃക്ഷങ്ങളുടെയും തൈകൾ
4. ഒരു ഫലവൃക്ഷത്തെ നട്ടുപിടിപ്പിക്കണം
5. പ്രാദേശികമായി ലഭ്യമാക്കുന്നതും, അധികം പരിചരണം ആവശ്യമില്ലാത്തതുമായ അലങ്കാര ചെടികൾ കൊണ്ടുള്ള ഒരു ചെറു ഉദ്യാനം നിർമ്മിക്കണം
6. ശുചിത്വം, സുസ്ഥിരത എന്നീ ആശയങ്ങൾ ധ്വനിപ്പിക്കുന്ന ചുവരെഴുത്തുകളും വേണം. കേരളത്തിലെ 1700 ഗവൺമെന്റ് ഓഫീസുകളുടെ പരിസര ശുചീകരണവും സൗന്ദര്യവത്കരണവും ഇതിലൂടെ സാധ്യമാകും.

**2) 'കൂട്ടുകൂടി നാടുകാക്കാം'**

സമൂഹത്തെ ഗ്രസിക്കുന്ന ലഹരി എന്ന മഹാ വിപത്തിനെ വേരോടെ പിഴുതെറിയാൻ ലക്ഷ്യമിട്ട് ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീം വോളന്റിയർമാർ നടപ്പാക്കുന്ന അനുഭവാത്മക സാമൂഹിക ബോധവൽക്കരണ പരിപാടിയാണിത്.

<u>നിർവ്വഹണം</u>

1. ക്യാമ്പിംഗ് സ്കൂൾ പരിസരത്തെ അനുയോജ്യമായ രണ്ട് ഇടങ്ങൾ മുൻകൂട്ടി തീരുമാനിക്കണം (അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ).
2. ഓരോ ഇടങ്ങളിലും 20 വോളന്റിയർമാർ അടങ്ങിയ ഗ്രൂപ്പുകളാണ് ബോധവൽക്കരണം നടപ്പിലാക്കേണ്ടത്.
3. വോളന്റിയർമാർ തന്നെയാണ് ബോധവൽക്കരണം നടത്തേണ്ടത്.
4. എക്സൈസ്/ പോലീസ് വകുപ്പിന്റെ സഹകരണം ഉറപ്പു വരുത്തണം.
5. ആശാവർക്കർമാർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരുടെ സഹകരണത്തോടെ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തണം.
6. ഹയർ സെക്കൻഡറി എൻ.എസ്.എസ്. ലഹരി വിരുദ്ധഗാനം, "ശിരസുയർത്തി പറയുക" ദൃശ്യാവിഷ്കാരം നടത്തണം.
7. തെരുവ് നാടകങ്ങൾ, മൈം തുടങ്ങിയവ സംഘടിപ്പിക്കാം.
8. ലഹരി ദുരുപയോഗം വരുത്തി വയ്ക്കുന്ന വ്യക്തിപരവും സാമൂഹികവും ആരോഗ്യപരവുമായ വിനാശങ്ങൾ, ലഹരിയുടെ വിപണനം, ശേഖരണം, കടത്തൽ എന്നിവ

തടയുന്നതിൽ സമൂഹത്തിന്റെ പങ്ക് ഏവർക്കും ബോധ്യമാകുംവിധമാണ് ബോധവൽക്കരണം സംഘടിപ്പിക്കേണ്ടത്.

9. ബോധവൽക്കരണ പരിപാടിയിലെ പങ്കാളികളുടെ പേരും ഫോൺ നമ്പറും, ഒപ്പും രേഖപ്പെടുത്തണം.

3) സ്നേഹസന്ദർശനം

വോളന്റിയർമാർ ഗ്രൂപ്പുകളായി തിരിഞ്ഞ് ക്യാമ്പിങ് പ്രദേശത്തെ വയോജനങ്ങളെ അവരുടെ ഗൃഹങ്ങളിൽ സന്ദർശിക്കുകയും അവരുമായി സ്നേഹ ഭാഷണം നടത്തുകയും, ഒപ്പം എൻ.എസ്.എസ്. സെൽ തയ്യാറാക്കി നൽകുന്ന നിശ്ചിത ചോദ്യാവലിയുടെ പ്രതികരണങ്ങൾ തികച്ചും അനൗപചാരികമായി തേടുകയും ചെയ്യുന്ന പ്രവർത്തനമാണിത്.

<u>നിർവ്വഹണം</u>

1. ക്യാമ്പിംഗ് പ്രദേശത്തെ ആശാവർക്കറുമായി കൂടിച്ചേർന്ന് മുന്നൊരുക്കങ്ങൾ നടത്തണം.
2. അഞ്ചു വോളന്റിയർമാർ ഉൾപ്പെട്ട 8 ഗ്രൂപ്പുകൾ രൂപീകരിക്കണം.
3. ഒരു ഗ്രൂപ്പ് 10 വീടുകൾ സന്ദർശിക്കണം.
4. പൂരിപ്പിച്ച ചോദ്യാവലികൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കി സൂക്ഷിക്കുകയും മോണിറ്ററിങ് സമയത്ത് ഹാജരാക്കുകയും വേണം.

4) ഹരിത സമൃദ്ധി

ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറി തൈകൾ ഉത്പാദിപ്പിച്ച് ക്യാമ്പിങ് പ്രദേശത്തെ 25 വീടുകളിൽ 10 പച്ചക്കറി തൈകൾ ഉൾപ്പെടുത്തി അടുക്കളത്തോട്ടം നിർമ്മിച്ചു നൽകുന്ന പദ്ധതി .

<u>നിർവ്വഹണം</u>

1. സീസണിന് അനുയോജ്യമായ പച്ചക്കറി വിത്തുകൾ തെരഞ്ഞെടുത്ത് ആവശ്യമുള്ളത്ര എണ്ണം പച്ചക്കറി തൈകൾ ക്യാമ്പിന് മുന്നോടിയായി തയ്യാറാക്കുക.
2. അടുക്കളത്തോട്ട നിർമ്മാണത്തിന് ആവശ്യമായ കൃഷി ഉപകരണങ്ങളും വളങ്ങളും കരുതിയിരിക്കണം.
3. ഇടക്കുറവുള്ള സ്ഥലങ്ങളിൽ ബാഗുകളിലോ ചെടിച്ചട്ടികളിലോ കൃഷി ചെയ്യണം.
4. ഹരിത സമൃദ്ധി പദ്ധതി നിർദ്ദിഷ്ട മാതൃകയിൽ ഡോക്യുമെന്റ് ചെയ്യുകയും (ഫോട്ടോ ഉൾപ്പെടെ) മോണിറ്ററിങ്ങിന് ഹാജരാക്കുകയും വേണം.
5. വോളന്റിയർമാർ 5 ഗ്രൂപ്പുകളായി തിരിഞ്ഞാണ് ടി പ്രവർത്തനം നിർവ്വഹിക്കേണ്ടത്.
6. വിഷരഹിതമായ പച്ചക്കറി ഉൽപാദനം സ്വയം പര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാകും വിധം ഗൗരവതരമായ സമീപനം ഉണ്ടാകണം.

5) മൂല്യനിർമ്മാണം സൃഷ്ടിപരതയിലൂടെ (UPCYCLING)

പാഴ് വസ്തുക്കളെ സൃഷ്ടിപരമായ ഇടപെടലിലൂടെ പരമാവധി ഉപയുക്തത ഉറപ്പു വരുത്തിക്കൊണ്ട് പുതു രീതിയിൽ പരിവർത്തനപ്പെടുത്തി പുനരുപയോഗിക്കുന്ന പ്രക്രിയയാണിത്.

<u>നിർവ്വഹണം</u>

1. പ്ലാസ്റ്റിക്, ഉപയോഗശൂന്യമായ ടയറുകൾ, ചിരട്ട തുടങ്ങി ഏത് പാഴ് വസ്തുവും ഉപയോഗ മൂല്യമുള്ള ഉൽപ്പന്നങ്ങൾ ആക്കി മാറ്റാം.
2. പ്രസ്തുത മേഖലയിൽ നിപുണരും പ്രാദേശവാസികളുമായ വ്യക്തികളെയോ സ്ഥാപനങ്ങളെയോ പരിശീലനം സംഘടിപ്പിക്കാൻ വേണ്ടി ഉപയോഗിക്കാം.

3. ക്യാമ്പിങ് പ്രദേശത്ത് 25 വ്യക്തികളെ കൂടി ഉൾപ്പെടുത്തി വേണം പരിശീലനം സംഘടിപ്പിക്കാൻ.
4. പാഴ് വസ്തുക്കൾ പുനരുപയോഗിച്ച് നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ ഉപയുക്തത ഗുണകരമാണെന്നും അവ കാരണം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം ഏറ്റവും മിനിമം ആണെന്നും ഉറപ്പു വരുത്തണം..
5. ഇത്തരത്തിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ ജില്ലാതല പ്രദർശനവും, ജില്ലയിലെ മികച്ച ഉത്പന്നങ്ങളുടെ സംസ്ഥാനതല പ്രദർശനവും സംഘടിപ്പിക്കും..
6. സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച മൂന്ന് ഉൽപ്പന്നങ്ങൾക്ക് യഥാക്രമം 1,2,3 സ്ഥാനങ്ങളും സമ്മാനവും നൽകും.

**6) തദ്ദേശീയം**

ഓരോ യൂണിറ്റിനും തങ്ങളുടെ പ്രാദേശിക താൽപ്പര്യവും ആവശ്യകതയും അനുസരിച്ച് തനത് കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. നാഷണൽ സർവീസ് സ്കീം മൂല്യങ്ങളോടും ലക്ഷ്യങ്ങളോടും ചേർന്ന് നിൽക്കുന്നതാവണം പ്രസ്തുത പരിപാടി.

**7) സത്യമേവ ജയതേ**

മാധ്യമ വാർത്തകളുടെ നിജസ്ഥിതി പരിശോധിച്ച് അറിയാനുള്ള നിപുണത ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന ബോധ്യം പൊതുസമൂഹത്തിൽ സൃഷ്ടിക്കാൻ വേണ്ടി ക്യാമ്പ് പ്രദേശത്തെ പൊതു ഇടങ്ങളിൽ ലഘു നാടക അവതരണം.

<u>നിർവ്വഹണം</u>

1. ക്യാമ്പിങ് പ്രദേശത്തെ 2 പൊതു ഇടങ്ങളിൽ ലഘു നാടകങ്ങൾ അവതരിപ്പിക്കണം.
2. അവതരണ സ്ഥലവും തീയതിയും സമയവും പ്രദേശവാസികളെ മുൻകൂട്ടി അറിയിക്കണം.
3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിച്ചേർന്നുവേണം പദ്ധതി നടപ്പിലാക്കാൻ.

**8) പുസ്തക പയറ്റ്**

ക്യാമ്പിംഗ് ദിനങ്ങളിലെ അനുയോജ്യമായ ഒരു സായാഹ്നം, ക്യാമ്പ് പങ്കാളികളുടെ രക്ഷകർത്താക്കൾ, ക്യാമ്പിംഗ് പരിസരത്തെ അഭ്യുദയകാംക്ഷികളായ നാട്ടുകാർ എന്നിവരുടെ സഹകരണം തേടിക്കൊണ്ട് പുസ്തക സമാഹരണത്തിനായി ഉപയോഗിക്കുന്ന പദ്ധതി.

1. പുസ്തക സമാഹരണത്തെ സംബന്ധിച്ച് ക്യാമ്പിംഗ് പ്രദേശവാസികൾക്കും രക്ഷിതാക്കൾക്കും മുൻകൂർ അറിയിപ്പ് നൽകണം.
2. പുസ്തക സംഭാവന നൽകാനെത്തുന്നവർക്ക് അർഹമായ ആദരവും, ഊഷ്മളമായ ആതിഥേയത്വവും നൽകണം.
3. കുറഞ്ഞത് 100 പുസ്തകങ്ങളെങ്കിലും ശേഖരിക്കണം (രണ്ട് ലക്ഷം പുസ്തകങ്ങളാണ് ഇത്തരത്തിൽ സമാഹരിക്കാൻ ലക്ഷ്യമിടുന്നത്).
4. പുസ്തക സമാഹരണത്തിന്റെ രജിസ്റ്റർ സൂക്ഷിക്കണം.
5. സമാഹരിച്ച പുസ്തകങ്ങൾ ഉൾപ്പെടുത്തി വായനശാല രൂപീകരണം നടത്തണം.

## ഓറിയന്റേഷൻ പ്രവർത്തനങ്ങൾ

1. ലീഡർഷിപ്പ് ആൻഡ് ഗ്രൂപ്പ് ഡൈനാമിക്സ്
2. സത്യമേവ ജയതേ
3. ഡിജിറ്റൽ ലിറ്ററസി
4. സുസ്ഥിര ജീവിതശൈലി
5. തദ്ദേശീയം

1. <u>ലീഡർഷിപ്പ് ആൻഡ് ഗ്രൂപ്പ് ഡൈനാമിക്സ്</u>

വോളന്റിയർമാരെ സഹവാസ ക്യാമ്പിലേക്ക് സന്നദ്ധരാക്കി ഉൾചേർക്കാൻ വേണ്ടി സംഘടിപ്പിക്കുന്ന സംഘാത്മക നേതൃത്വ ഗ്രൂപ്പിംഗ് പ്രവർത്തനങ്ങൾ.

2. <u>സത്യമേവ ജയതേ</u>

സത്യാനന്തര കാലഘട്ടത്തിൽ വാർത്തകളുടെ നിജസ്ഥിതി അപഗ്രഥിച്ച് തിരിച്ചറിയുക എന്ന അതിജീവന നൈപുണ്യം ആർജിക്കുന്നതിനും വ്യാജവാർത്ത നിർമ്മിതിക്കെതിരെ ജാഗ്രത പുലർത്താനും സാമൂഹ്യമായ അവബോധം സൃഷ്ടിക്കാനും വോളന്റിയർമാരെ പര്യാപ്തരാക്കുന്ന ബോധവൽക്കരണം. പരിശീലനം ലഭിച്ച ആർ .പി. മാരെ ഉപയോഗിക്കണം.

3. <u>ഡിജിറ്റൽ ലിറ്ററസി & ഡിജിറ്റൽ ഹൈജീൻ</u>

മനുഷ്യജീവിതം അനായാസമാക്കുന്ന ഡിജിറ്റൽ സാങ്കേതികവിദ്യാ സാധ്യതകൾ (ഓൺലൈൻ ഗവൺമെന്റ് സേവനങ്ങൾ, പണമിടപാടുകൾ, മെഡിക്കൽ സേവനങ്ങൾ, സമൂഹമാധ്യമങ്ങളുടെ സാധ്യതകൾ) ഇതോടൊപ്പം ഓൺലൈൻ, ഡിജിറ്റൽ സേവനങ്ങൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മര്യാദകൾ, ശ്രദ്ധിക്കേണ്ടതും, ഒഴിവാക്കേണ്ടതുമായ കാര്യങ്ങൾ തുടങ്ങിയവ വോളന്റിയർമാർക്കായി ഉൾപ്പെടുത്തി സംഘടിപ്പിക്കേണ്ട ബോധവൽക്കരണ പരിപാടി. ഇതിൽ 20 പരിസരവാസികളെ കൂടി പങ്കെടുപ്പിക്കണം.

4. <u>സുസ്ഥിര ജീവിതശൈലി</u>

ഭാവി തലമുറയുടെ നിലനിൽപ്പ് കൂടി ഉറപ്പുവരുത്തിക്കൊണ്ട് വർത്തമാനകാല സമൂഹം, പരിസ്ഥിതി, കാലാവസ്ഥ, വിഭവങ്ങൾ എന്നിവയെ വിവേചനപൂർവ്വം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വോളന്റിയർമാരിൽ സൃഷ്ടിക്കും വിധമുള്ള ബോധവൽക്കരണം.

5. <u>തദ്ദേശീയം</u>

ഓരോ യൂണിറ്റിനും തങ്ങളുടെ ആവശ്യകത അനുസരിച്ച് അനുയോജ്യമായ ഒരു ബോധവൽക്കരണ പരിപാടി തനതായി സംഘടിപ്പിക്കാവുന്നതാണ്. നാഷണൽ സർവീസ് സ്കീം മൂല്യങ്ങളോടും ലക്ഷ്യങ്ങളോടും ചേർന്ന് നിൽക്കുന്നതാവണം പ്രസ്തുത ബോധവൽക്കരണ പരിപാടി.

## 2024-25 സപ്തദിന സഹവാസ ക്യാമ്പ് പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

1. 'സുസ്ഥിര വികസനത്തിനായി എൻ.എസ്.എസ്. യുവത'എന്നതാണ് ഇത്തവണത്തെ ക്യാമ്പ് ആശയം.

2. എല്ലാ യൂണിറ്റുകളിലും ക്യാമ്പിനു മുന്നോടിയായി യൂണിറ്റ് തല ഉപദേശക സമിതി യോഗം ചേരണം.

3. എൻ.എസ്.എസ്. മാനുവൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഉപദേശക സമിതി യോഗ തീരുമാനപ്രകാരം നിശ്ചയിക്കുന്ന തീയതികളിൽ ക്രിസ്മസ് അവധിക്കാലത്ത് തുടർച്ചയായ ഏഴ് ദിവസമാണ് ക്യാമ്പ് സംഘടിപ്പിക്കേണ്ടത്.

4. ക്യാമ്പിന്റെ നടത്തിപ്പിനായി യൂണിറ്റ്തല സംഘാടകസമിതി രൂപീകേണ്ടതാണ്. ഇതിൽ ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ആശാവർക്കർമാർ, കുടുംബശ്രീ സി.ഡി .എസ്. അംഗങ്ങൾ, പിടിഎ അംഗങ്ങൾ, സാംസ്കാരിക പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരെ കൂടി ഉൾപ്പെടുത്തി പരമാവധി ജനകീയ പങ്കാളിത്തം ഉറപ്പാക്കണം.

സംഘാടക സമിതി തീരുമാനങ്ങൾ ഉപദേശക സമിതിയുടെ മിനിറ്റ്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തണം

5. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർക്ക് സാമൂഹിക ഇടപഴകലിനുള്ള അവസരങ്ങൾ പരമാവധി ഒരുക്കിക്കൊടുക്കണം.

6. ക്യാമ്പിന്റെ ആദ്യ ദിനം ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഉചിതമായ രീതിയിൽ ഉദ്ഘാടന സമ്മേളനം നടത്തണം.

7. ആദ്യദിനം ഉദ്ഘാടന സമ്മേളനത്തിന് മുന്നോടിയായി ക്യാമ്പിംഗ് സ്കൂൾ പരിസരത്തെ പൊതുജന പങ്കാളിത്തം കൂടി ഉറപ്പാക്കിക്കൊണ്ട് വിളംബര റാലി നടത്തണം. ക്യാമ്പിന്റെ ആശയങ്ങളും ലക്ഷ്യങ്ങളും പൊതുജനങ്ങൾക്ക് ബോധ്യമാകുന്ന വിധത്തിൽ വേണം റാലിയുടെ ക്രമീകരണം.

8. എല്ലാ പ്രോഗ്രാം ഓഫീസർമാരും ക്യാമ്പ് പ്രൊപ്പോസൽ ജില്ലാ കൺവീനർമാർ നൽകുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി ഡിസംബർ 10 ന് മുമ്പായി കൃത്യമായി പൂരിപ്പിച്ചു നൽകേണ്ടതാണ്. ഡിസംബർ 15 ന് മുമ്പായി ജില്ലാതല ക്രോഡീകരണം പൂർത്തിയാക്കി സോഫ്റ്റ് കോപ്പി ഹയർ സെക്കൻഡറി എൻ.എസ്.എസ്. സെല്ലിൽ സമർപ്പിക്കണം.

9. ക്യാമ്പ് സംഘാടനവുമായി ബന്ധപ്പെട്ട പ്രീ ക്യാമ്പ് ഓറിയന്റേഷൻ ഏകദിന പരിശീലനം എന്ന നിലയിൽ ഡിസംബർ 5 ന് മുൻപേ സംഘടിപ്പിക്കാം. യൂണിറ്റിൽ നിന്ന് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ആണ് പങ്കെടുക്കേണ്ടത്.

10. ക്യാമ്പിങ്ങിനായി തിരഞ്ഞെടുക്കുന്ന വിദ്യാലയം മാതൃ യൂണിറ്റിൽ നിന്ന് മൂന്നു മുതൽ 8 കിലോമീറ്റർ വരെ ദൂര പരിധിക്കുള്ളിൽ ആയിരിക്കണം. പൊതുവിദ്യാലയങ്ങളിൽ മാത്രമേ ക്യാമ്പുകൾ സംഘടിപ്പിക്കാൻ അനുമതിയുള്ളൂ.

11. ക്യാമ്പ് ബാനറുകളുടെ സോഫ്റ്റ് കോപ്പി എൻ .എസ്. എസ്. സെല്ലിൽ തയ്യാറാക്കി നൽകും. അതിൽ സ്കൂളിൻറെ പേര്, ക്യാമ്പ് തീയതി എന്നിവ കൂട്ട് ചേർത്ത് തുണിയിൽ പ്രിൻറ് ചെയ്താണ് ഉപയോഗിക്കേണ്ടത്. സ്കൂൾ കവാടത്തിലും ഓഡിറ്റോറിയത്തിലുമായി രണ്ട് ബാനറുകൾ ക്രമീകരിക്കണം.

12. ക്യാമ്പിന്റെ കാര്യപരിപാടികൾ ഉദ്ഘാടന സമാപന സമ്മേളനങ്ങൾ വിവിധ സെഷനുകൾ ക്യാമ്പിലേക്കുള്ള റൂട്ട് മാപ് എന്നിവ വിശദമാക്കുന്ന അച്ചടിച്ച നോട്ടീസ് തയ്യാറാക്കേണ്ടതും ക്യാമ്പിനു മുൻപായി എൻ.എസ്.എസ്. സെല്ലിലേക്ക് ജില്ലാ കൺവീനർമാർ വഴി നൽകേണ്ടതുമാണ്.

13. ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ രക്ഷാകർതൃ യോഗം വിളിച്ചു ചേർത്ത് ക്യാമ്പ് നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും അവരുടെ ഒപ്പോടുകൂടിയ സമ്മതപത്രം വാങ്ങി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

14. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പോലീസ്, ആരോഗ്യവകുപ്പ്, ജനപ്രതിനിധികൾ, ക്യാമ്പ് പ്രദേശത്തെ പൊതുജനങ്ങൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതും ആവശ്യമായ അനുമതികൾ നേടിയിരിക്കേണ്ടതുമാണ്. സമീപത്തുള്ള പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, ആശുപത്രികൾ എന്നിവയുടെ ഫോൺ നമ്പർ ക്യാമ്പിൽ പ്രദർശിപ്പിക്കണം.

15. അധ്യാപകരുടെ ക്യാമ്പ് ഡ്യൂട്ടി ലിസ്റ്റ് ( രണ്ട് അദ്ധ്യാപകരും, രണ്ട് അദ്ധ്യാപികമാരും) ക്യാമ്പിൽ പ്രദർശിപ്പിക്കേണ്ടതാണ്. പെൺകുട്ടികൾ പങ്കെടുക്കുന്ന ക്യാമ്പിൽ രണ്ട് അധ്യാപികമാർ നിർബന്ധമായും ഉണ്ടായിരിക്കണം.

16. എൻറോൾമെൻറ് ലിസ്റ്റിൽ ഉൾപ്പെട്ട വോളന്റിയർമാർക്കും, പ്രത്യേക അനുമതി നേടിയ രണ്ടാം വർഷ വോളന്റിയർമാർക്കും മാത്രമാണ് ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

17. എല്ലാ വോളന്റിയർമാരും ഒരു ലഹരിവിരുദ്ധ പോസ്റ്റർ മുൻകൂർ തയ്യാറാക്കി ക്യാമ്പിൽ ലഹരിവിരുദ്ധ പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കണം.

18. ക്യാമ്പിന് മുന്നോടിയായി എല്ലാ രജിസ്റ്ററുകളും ഒന്നാംവർഷ വോളന്റിയർമാരുടെ വർക്ക് ഡയറിയും പൂർത്തീകരിക്കേണ്ടതും അവ പരിശോധനയ്ക്കായി ക്യാമ്പ് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

17. വോളന്റിയർമാർക്കുള്ള ഭക്ഷണം ക്യാമ്പിൽ തന്നെ പാചകം ചെയ്യണം. പുറത്തുനിന്നുള്ള ഭക്ഷണം അനുവദനീയമല്ല.

18. വോളന്റിയർമാർ ക്യാമ്പിൽ മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളതല്ല.

19. ക്യാമ്പിലെ വസ്ത്രധാരണം അച്ചടക്കം എന്നിവ കർശനമായും മോണിറ്റർ ചെയ്യണം.

20. അപകടകരമായ രീതിയിൽ പ്രവർത്തനങ്ങൾ ഏർപ്പെടാൻ വോളന്റിയർമാരെ അനുവദിക്കരുത്. വെള്ളം, വൈദ്യുതി, പാചകശാലയിലെ അഗ്നി ഉപയോഗം എന്നിവയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും കരുതലും ഉണ്ടാകണം.

നദി, കനാൽ, കുളം, തോട് എന്നിവിടങ്ങളിൽ കുളിക്കാനോ മറ്റ് പ്രവർത്തനങ്ങൾ ഏർപ്പെടാനോ വോളന്റിയർമാർക്ക് അനുവാദം നൽകരുത്.

21. ജനപ്രതിനിധികൾ, ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാർ ഡ്യൂട്ടിയിലുള്ള അധ്യാപകർ ക്ഷണിക്കപ്പെട്ട വ്യക്തികൾ എൻ.എസ്.എസ്. ചുമതലക്കാർ എന്നിവർക്ക് അല്ലാതെ ആർക്കും ക്യാമ്പിൽ പ്രവേശനമില്ല. പുറമേ നിന്നുള്ള യാതൊരു വിധ കലാപരിപാടികളും ക്യാമ്പിൽ അനുവദനീയമല്ല.

22. ക്യാമ്പ് സമയത്ത് യാതൊരുവിധ ആവശ്യങ്ങൾക്കും വോളന്റിയർമാരെ വാഹനങ്ങൾ ഉപയോഗിക്കാൻ അനുവദിക്കരുത്.

23. ക്യാമ്പിൽ സംഘടിപ്പിക്കുന്ന കൾച്ചറൽ ആക്ടിവിറ്റീസിലും എല്ലാ പരിപാടികളിലും വോളന്റിയർമാർക്ക് മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ.

24. ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി നിലവിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അനുയോജ്യമായ തീരുമാനങ്ങൾ എടുക്കാനുള്ള പൂർണാധികാരം പ്രോഗ്രാം ഓഫീസറിലും പ്രിൻസിപ്പലും സംയുക്തമായി നിക്ഷിപ്തമാണ്.

25. ഉപദേശക സമിതിയുടെ തീരുമാനപ്രകാരമുള്ള നിശ്ചിത സമയങ്ങളിൽ അല്ലാതെ രക്ഷകർത്താക്കൾ ക്യാമ്പിൽ പങ്കെടുക്കേണ്ടതില്ല.

26. സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ പുറത്തുപോകുന്ന അവസരങ്ങളിൽ ഗ്രൂപ്പായി മാത്രമേ വോളന്റിയർമാരെ നിയോഗിക്കാവൂ. പ്രവർത്തനം പൂർത്തിയാക്കി എല്ലാ വോളന്റിയർമാരും കൃത്യസമയത്ത് ക്യാമ്പിൽ എത്തിയെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പാക്കേണ്ടതാണ്. ക്യാമ്പ് അറ്റൻഡൻസ് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കണം. ക്യാമ്പിലും ക്യാമ്പിനു പുറത്തും എൻ.എസ്.എസ്. ലക്ഷ്യങ്ങളും മൂല്യങ്ങളും മുൻനിർത്തി വോളന്റിയർമാർ അച്ചടക്കത്തോടെ പെരുമാറേണ്ടതാണ്.

27. എല്ലാ ക്യാമ്പുകളിലും ഫസ്റ്റ് എയ്ഡ് കിറ്റ് സൂക്ഷിക്കേണ്ടതാണ്. വോളന്റിയർമാർക്ക് ശാരീരികമായി അവശതകളോ അത്യാഹിതങ്ങളോ ഉണ്ടാവുന്ന പക്ഷം ഒട്ടും കാലവിളമ്പം കൂടാതെ വൈദ്യസഹായം ലഭ്യമാക്കണം.

28. സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട് പഠനയാത്രകൾ, ട്രക്കിംഗ് ക്യാമ്പ് ഫയർ എന്നിവ പാടില്ല.

29. സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളന്റിയർമാരുടെ സമഗ്രമായ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള ചുമതല പ്രോഗ്രാം ഓഫീസർക്കും , പ്രിൻസിപ്പലിനുമാണ്.

30. വോളന്റിയർമാരെ ആറ് ഗ്രൂപ്പുകളായി തിരിക്കണം

- പ്രോഗ്രാം കമ്മിറ്റി
- റിസപ്ഷൻ കമ്മിറ്റി
- പ്രോജക്ട് കമ്മിറ്റി
- കൾച്ചറൽ പ്രോഗ്രാം & ജനറൽ ഡിസിപ്ലിൻ കമ്മിറ്റി
- ഡോക്യുമെന്റേഷൻ കമ്മിറ്റി
- മെസ് കമ്മിറ്റി

ഓരോ കമ്മിറ്റിയിലും എട്ടു വീതം അംഗങ്ങൾ ഉണ്ടായിരിക്കണം(6×8=48) വോളന്റിയർ ലീഡർമാരായ രണ്ടുപേർ പൊതു ഏകോപന ചുമതല നിർവഹിക്കണം. ഓരോ കമ്മിറ്റിക്കും ഒരു ലീഡർ ഉണ്ടായിരിക്കണം. ഒരോ ദിനവും കമ്മിറ്റികൾക്ക് ചുമതല മാറ്റി നൽകേണ്ടതാണ്.

31. എല്ലാ ദിവസവും പ്രഭാത അസംബ്ലി, ക്യാമ്പ് പത്രപ്രകാശനം, ഇന്നത്തെ ശുഭചിന്ത, ദിനചര്യ വിശദീകരണം, ക്യാമ്പ് ഡോക്യുമെന്റേഷൻ അവതരണം, ക്യാമ്പ് റിപ്പോർട്ട്, ക്യാമ്പ് വിലയിരുത്തൽ ഭാവി ആസൂത്രണം തുടങ്ങിയവ ചിട്ടയായി സംഘടിപ്പിക്കണം.

32. എല്ലാദിവസത്തെയും മെനു എഴുതി പ്രദർശിപ്പിക്കണം.

33. ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനായി ക്യാമ്പ് അംഗങ്ങൾ പ്രിൻസിപ്പൽ ക്ലസ്റ്റർ കൺവീനർ രക്ഷാകർത്താക്കൾ അധ്യാപക പ്രതിനിധികൾ ഉപദേശക സമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ക്യാമ്പ് പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രധാന നിർദ്ദേശങ്ങളും പ്രവർത്തനങ്ങളുടെ ഫോട്ടോയും ഗ്രൂപ്പിൽ പങ്കുവെക്കാവുന്നതാണ്. ക്യാമ്പ് സമാപിക്കുന്നതോടെ ഗ്രൂപ്പ് പിരിച്ചുവിടേണ്ടതാണ്.

34. ഓരോ ദിവസത്തെയും ക്യാമ്പ് പൂർത്തിയാകുമ്പോൾ വോളന്റിയർമാർ ഡയറിയിൽ ക്യാമ്പ് പ്രവർത്തനങ്ങൾ പ്രതിദിനം രേഖപ്പെടുത്തണം.

35. ഹരിത ചട്ട നിബന്ധനകൾ കൃത്യതയോടെ പാലിച്ചു വേണം ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടത്.

DIRECTOR OF GENERAL EDUCATION * Thiruvananthapuram *

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)